**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗര ഗ്രാമാസൂത്രണ വകുപ്പ് - സുവേഗ ഓട്ടോമേറ്റഡ് ഇന്റലിജന്റ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കൽ - വിശേഷാൽ പ്രയത്നത്തിന് ജീവനക്കാർക്ക് സദ്സേവന രേഖ (Good Service Entry) നൽകൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ(സാധാ) നം.1283/ 2019/ ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം 22.06.2019**

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 26/2017/ ത.സ്വ.ഭ.വ. തിയതി. 28.04.2017.
2. മുഖ്യനഗരാസൂത്രകന്റെ 31.07.2018, 04.04.2019 എന്നീ തിയതികളിലെ എ 4/6627/18 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനു വേണ്ടി സുവേഗ ഓട്ടോമേറ്റഡ് ഇന്റലിജന്റ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം വരുത്തിയതുമായി ബന്ധപ്പെട്ടുള്ള വിശേഷാൽ പ്രയത്നത്തിന് ജീവനക്കാർക്ക് പ്രത്യേക അംഗീകാരം നല്കണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം മുഖ്യ നഗരാസൂത്രകൻ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വതന്ത്ര സങ്കേതങ്ങൾ ഉപയോഗിച്ച് ഇത്തരത്തിലുള്ള ഒരു സോഫ്റ്റ് വെയർ ആവിഷ്കരിച്ച് നടപ്പാക്കുന്ന രാജ്യത്തെ തന്നെ പ്രഥമ സംരംഭമാണിതെന്നും പദ്ധതി നടത്തിപ്പിന്റെ ഭാഗമായ ഡ്രോയിംഗ് മാനദണ്ഡങ്ങൾ വികസിപ്പിക്കുക, ഡ്രോയിംഗുകളിൽ നിന്നും കമ്പ്യൂട്ടറിലേക്ക് സ്വയമേവ വിശദാംശങ്ങൾ കൈമാറുന്നതിനുള്ള രീതി, വിശദാംശങ്ങൾ തയ്യാറാക്കുക, കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലോജിക്കൽ സ്റ്റേറ്റ്മെന്റുകളാക്കുക, ബന്ധപ്പെട്ട നിയമങ്ങൾ ഡ്രോയിംഗിലെ വിശദാംശങ്ങളുമായി ഒത്തു നോക്കുക, സോഫ്റ്റ് വെയർ കോഡിംഗ് ജോലികൾക്ക് മുന്നോടി ആയിട്ടുള്ള അൽഗോരിതം തയ്യാറാക്കുക തുടങ്ങിയ ജോലികൾ പൂർത്തിയാക്കുന്നതിൽ കോഴിക്കോട് മേഖലാ കാര്യാലയത്തിലെ ജീവനക്കാർ നിർവഹിച്ച സ്തുത്യർഹമായ പങ്കും കണക്കിലെടുത്ത് ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് സദ്സേവന രേഖ (Good Service Entry) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ശ്രീ കെ.വി.അബ്ദുൾ മാലിക്, ടൗൺ പ്ലാനർ, കോഴിക്കോട് (നോഡൽ ഓഫീസർ)

(2) ശ്രീമതി പ്രീജ പത്മനാഭൻ, ഡെപ്യൂട്ടി ടൗൺ പ്ലാനർ, മലപ്പുറം

(3) ശ്രീ ഷമീർ കെ. അസിസ്റ്റന്റ് ടൗൺ പ്ലാനർ, കോഴിക്കോട്

(4) ശ്രീമതി രേഷ്മ സി.ആർ, ടൗൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് II, കോഴിക്കോട്

ഈ വിവരം ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ബന്ധപ്പെട്ട ജീവനക്കാർക്ക്. (മുഖ്യനഗരാസൂത്രകൻ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ